ഭരണഭാഷ മാതൃ ഭാഷ

എൻ.എം(ബി)1/81179/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 21-11-2017

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം- ഉച്ചഭക്ഷണ പദ്ധതി – ഇലക്കറികളും, പഴവർഗ്ഗങ്ങളും ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:- 1. 13-10-2017 തീയതിയിലെ സംസ്ഥാനതല സ്റ്റിയറിംഗ് കം മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനം.
2. 30-5-2017 ലെ എൻ.എം1/39000/17/ഡി.പി.ഐ നംബർ സർക്കുലർ

ഗുണമേന്മയുള്ളതും പോഷകാഹാരപ്രദവുമായ ഭക്ഷണം കുട്ടികൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഒരു സാമ്പിൾ മെനു സൂചന (2) പ്രകാരം പുറപ്പെടുവിച്ച സർക്കുലറിൽ ഉൾപ്പെടുത്തിയിരുന്നു. ബഹു: പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതിൽ ചേർന്ന സംസ്ഥാനതല സ്റ്റിയറിംഗ് കം മോണിറ്ററിംഗ് കമ്മിറ്റി സ്കൂൾ ഉച്ചഭക്ഷണത്തിൽ ആഴ്ചയിൽ രണ്ട് തവണ ചീര, മുരിങ്ങയില മുതലായ ഇലക്കറികളും, പപ്പായ, പാളയം തോടൻ മുതലായ പഴവർഗ്ഗങ്ങളും ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു. ഇതിൻ പ്രകാരം നിലവിലുള്ള സാമ്പിൾ മെനുവിൽ ആഴ്ചയിൽ രണ്ട് ദിവസം നൽകാൻ നിർദ്ദേശിച്ചിരിയ്ക്കുന്ന ഇലക്കറികളിൽ ചീരയും മുരിങ്ങയിലയും ഉൾപ്പെടുത്തുന്നതിനും പപ്പായ, പാളയം തോടൻ എന്നീ പഴവർഗ്ഗങ്ങൾ ലഭ്യമാകുന്നതിനനുസരിച്ച് നൽകുന്നതിനും നിർദ്ദേശം നൽകി, സൂചന (2) പ്രകാരമുള്ള സർക്കുലറിലെ സാമ്പിൾ മെനുവിൽ ഭേദഗതികൾ വരുത്തുന്നു. 13-10-2017 ൽ കൂടിയ ഉച്ചഭക്ഷണ പദ്ധതിയുടെ സംസ്ഥാനതല സ്റ്റിയറിംഗ് കം മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരം സ്കൂളുകൾക്കനുവദിക്കുന്ന കണ്ടിജൻസി തുകയിൽ പ്രതിദിനം കുട്ടിയൊന്നിന് മിനിമം 'രണ്ട് രൂപയുടെയെങ്കിലും' പച്ചക്കറികൾ ലഭ്യമാകുന്നുവെന്ന് അതാത് പ്രഥമാദ്ധ്യാപകർ ഉറപ്പ് വരുത്തേണ്ടതും അത്തരത്തിൽ തുക വകയിരുത്തുന്നതിനുള്ള നിർദ്ദേശം നൂൺഫീഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്. മേൽ നിർദ്ദേശ പ്രകാരം വിഭവങ്ങൾ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നുണ്ടെന്നും പച്ചക്കറികൾക്കനുവദനീയമായ തുക

(....മറുപുറം...)

വിനിയോഗിച്ച് പോഷകമൂല്യമുള്ള പച്ചക്കറികൾ നൽകുന്നുണ്ടെന്നും ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ / നൂൺമീൽ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

വി. അനിൽകുമാർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്(നൂൺമീൽ) ഇൻചാർജ്ജ്
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,
എല്ലാ പ്രഥമാദ്ധ്യാപകർക്കും } (CBSE, ICSE സ്കൂളുകൾ ഉൾപ്പെടെ)
ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന